ISSN: 2584-1181

GOVERNMENT COLLEGE NEDUMANGADU
ESTD.in 1981

# സാഹിത്യകേദാരം

# SAHITHYA KEDARAM

MALAYALAM HALF YEARLY
A Peer Reviewed Research Journal
Vol. No. 02 Issue No. 01, February 2025 to July 2025



## മലയാളം റിസർച്ച് ജേണൽ

മലയാളവിഭാഗം
ഗവൺമെന്റ്കോളെജ് നെടുമങ്ങാട്
ഫെബ്രുവരി 2025 ജൂലൈ 2025 വാല്യം 2 ലക്കം 1

## ഉള്ളടക്കം

1. പാർവ്വതിയുടെ വിചാരലോകങ്ങൾ 11
ഡോ. സജീവ് കുമാർ എസ്.

2. റാഷോമോൺ: ജീവിതവ്യാഖ്യാനത്തിന്റെ അത്ഭുതകാഴ്ചകൾ 17
ഡോ. ബി. ശ്രീകുമാർ സമ്പത്ത്

3. ജൈവാധികാര പ്രതിരോധങ്ങളും ജൈവരാഷ്ട്രീയവും
ആത്രേയകത്തിന്റെ രാഷ്ട്രീയ വായന 28
ഡോ. ബീന. കെ

4. രോഗവും ഭാവനയും മലയാളസാഹിത്യത്തിൽ 35
രേഖ എസ്

5. ശ്രീനാരായണ ദർശനത്തിന്റെ ചരിത്ര പശ്ചാത്തലം 45
ഡോ. ആർ. സുനിൽകുമാർ

6. ജാതിവർഗ്ഗ സംഘർഷവും രാഷ്ട്രീയ അബോധവും 'ആനപ്പക'യിൽ 53
സഞ്ജന പി. എസ്

7. പ്രതിആത്മീയതയുടെ തലങ്ങൾ: സച്ചിദാനന്ദന്റെ കവിതകളിൽ 64
സ്മിതാറാണി എം.എസ്.

8. ഫോക്‌ലോറും ജാതിരൂപകങ്ങളും -
സി.വി. ബാലകൃഷ്ണന്റെ വരൂ ദൈവമേ വരൂ എന്ന നോവലിൽ 73
സലീന എസ്, ഡോ. മൻസൂറലി ടി.

9. ചോരശാസ്ത്രം ആത്മവിദ്യയുടെ പ്രകാശനം 81
ഡോ. ടി. എം. മാത്യു

10. ബുധിനി ഒരു ഇക്കോക്രിട്ടിക്കൽ വായന 88
ഡോ. വീണാഗോപാൽ വി.പി

11. ദേശീയവിദ്യാഭ്യാസനയത്തിലെ മാതൃഭാഷാസമീപനം 95
ഡോ. ശ്രീജ ജെ.എസ്.

12. അപസർപ്പക നോവൽത്രയത്തിലെ 'കള്ളനും പോലീസും കളി' 102
ഡോ. അമ്പിളി ആർ. പി, ഡോ. ശ്രീലക്ഷ്മി എസ്. കെ

13. അധികാരവിമർശനം പി.എം. താജിന്റെ നാടകങ്ങളിൽ 112
ഡോ. ജ്യോതിലക്ഷ്മി പി.

14. തിരുനിഴൽമാലയിലെ ആറന്മുളചരിത്രാഖ്യാനത്തിന്റെ കാവ്യഭൂപടം 127
ഡോ. ബിജികുമാരി. പി

15. അയനിയൂട്ടുതമ്പുരാൻപാട്ടിന്റെ ചരിത്രവഴികൾ 138
ഡോ. ബി.എസ്. ബിനു

16. തെക്കൻപാട്ടുകളിൽ സതി ചെമ്പകവല്ലിപാട്ടിന്റെ പ്രാധാന്യം 146
പ്രീതാമോൾ ആർ.

17. പതിരില്ലാത്ത ചൊല്ലുകളിലെ ജീവിതസമസ്യകൾ 154
ഡോ. സൂസന്ന പി. ദാസ്

18. പ്രതിരോധത്തിന്റെ മുഴക്കങ്ങൾ - വയലാർ കവിതയുടെ വർത്തമാനം 163
ഡോ. അബ്ദുസമദ് കെ. ടി.

19. നാഞ്ചിനാടിന്റെ കേരളീയത ജയമോഹന്റെ 'ഉറവിടങ്ങൾ' മുൻനിർത്തി ഒരു പഠനം 170
ഡോ. ജോമോൾ ജോസ്

20. ക്രാഫ്റ്റിന്റെ അനന്യതയും പിരിതൽപ്പൊരുളിലെ പരിസ്ഥിതിഭാവനകളും സേതുവിന്റെ 'നിയോഗ'ത്തിൽ 178
ഡോ. ലക്ഷ്മി എസ്

21. കീഴാളതയുടെ വിവേചനരാഷ്ട്രീയം തുള്ളൽക്കൃതികളിൽ 184
ഡോ. രേണുക ഒ.

22. മലയാളത്തിലെ സ്ത്രീശബ്ദകോശത്തിനൊരാമുഖം 191
ഡോ. പി.എസ്. ജ്യോതിലക്ഷ്മി

23. പുതുകവിതയിലെ ദളിത് അവബോധം എം.ആർ. രേണുകുമാറിന്റെ കവിതകളിൽ 197
ഡോ. രമ്യ ബി ആർ

24. യാഥാർത്ഥ്യം ഡോക്യുമെന്ററിയിൽ 207
ശ്രീരാജ് സി.എൽ.

25. മിത്തിന്റെ രൂപീകരണം എൻ. പ്രഭാകരന്റെ 'കാളപ്പാറ'യിൽ 214
ഡോ. പ്രിയ വി

*സാഹിത്യകേദാരത്തിൽ പ്രസിദ്ധീകരിക്കുന്ന പ്രബന്ധങ്ങളുടെ*
*പൂർണ്ണ ഉത്തരവാദിത്തം അതതു ലേഖകരിൽ മാത്രം നിക്ഷിപ്തമാണ്*

# നാഞ്ചിനാടിന്റെ കേരളീയത - ജയമോഹന്റെ 'ഉറവിടങ്ങൾ' മുൻനിർത്തി ഒരു പഠനം

**ഡോ. ജോമോൾ ജോസ്**

അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, സെന്റ് അലോഷ്യസ് കോളെജ്, എടത്വ

പ്രബന്ധസംഗ്രഹം

കേരളസംസ്ഥാനരൂപീകരണത്തോടെ കേരളത്തിൽ ഉൾപ്പെടാതെ പോയതും കന്യാകുമാരിയിലുൾപ്പെട്ടതുമായ നാഞ്ചിനാടിന്റെ കേരളീയതയാണ് ജയമോഹന്റെ 'ഉറവിടങ്ങൾ' ആസ്പദമാക്കി ഈ ലേഖനം വിശകലനം ചെയ്യുന്നത്. നാഞ്ചിനാട്ടുകാർ നരവംശപരമായി തമിഴ് വംശജരായിരുന്നു. എന്നാൽ സാംസ്കാരികമായ അടുപ്പം മധുരയോടും തൃശിനാപ്പള്ളിയോടും ആയിരുന്നു. ആധുനിക തിരുവിതാംകൂറിന്റെ സൃഷ്ടിയിൽ തമിഴരുടെ സംഭാവന ഒട്ടും ചെറുതല്ല. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ രണ്ട് ശക്തരായ സഹായികളിൽ പ്രമുഖനായിരുന്ന രാമയ്യൻദളവാ തമിഴ് വംശജനായിരുന്നു. മാർത്താണ്ഡവർമ്മയ്ക്ക് മുൻപ് നാഞ്ചിനാട് എങ്ങനെയായിരുന്നു എന്നറിയണമെങ്കിൽ നാട്ടുപാട്ടുകളെ ആശ്രയിക്കണം എന്ന് ജയമോഹൻ നമ്മെ ഓർമ്മപ്പെടുത്തുന്നു. ചരിത്രസംബന്ധികളും അല്ലാത്തവയുമായ തെക്കൻപാട്ടുകൾ അക്കാലത്തെ ചരിത്രരചനയുടെ ഉപാദാനവസ്തുക്കൾ ആണെന്ന് 'മാർത്താണ്ഡവർമ്മ' നോവലിന്റെ ആമുഖത്തിൽ തന്നെ കാണുന്നുണ്ട്. ചുരുക്കത്തിൽ തമിഴ്മണ്ണിൽ പൊഴിഞ്ഞുവീണ കേരളമാണ് നാഞ്ചിനാട്. അതിന്റെ വ്യക്തിത്വം ഇന്നും നഷ്ടപ്പെടാതെ തുടരുകയാണ് എന്ന് ഉറവിടങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. മലയാളസാഹിത്യത്തിലും സംസ്കാരത്തിലും ഒപ്പം തമിഴ്സാഹിത്യത്തിലും നാഞ്ചിനാട് അതിന്റെ കേരളീയത വിളിച്ചു പറയുന്നുണ്ട്.

***താക്കോൽവാക്കുകൾ:*** നാഞ്ചിനാട്, ആയ് രാജ്യം, ആധുനിക തിരുവിതാംകൂർ, രാമയ്യൻ ദളവ, വില്ലുപാട്ട്, തുറകേറ്റും കഴുകേറ്റും, പെൺപാപം ചെയ്ത മാർത്താണ്ഡവർമ്മ, മുതലിയാർ ഓലച്ചുവടികൾ.

1956ൽ ഇന്നത്തെ കേരളസംസ്ഥാനരൂപീകരണത്തിനുശേഷം കേരളീയസംസ്കാരം കളിയിക്കാവിള മുതൽ കാസർഗോഡുവരെ മാത്രമായി ഒതുങ്ങി. കന്യാകുമാരിയും ഗോകർണവും പുറത്തായി. എന്നാൽ ഇന്നും സാംസ്കാരികകേരളം ഈ പ്രദേശങ്ങളിലെ സംസ്കാരങ്ങളും ഉൾക്കൊള്ളുന്നു. ഇങ്ങനെ പുറത്തായ കന്യാകുമാരിയിലുൾപ്പെട്ട നാഞ്ചിനാടിന്റെ സംസ്കാരിക പ്രത്യേകതകൾ 'ഉറവിടങ്ങളി'ലെ ആത്മപഥാപരമായ കുറിപ്പുകളെ ഉപജീവിച്ച് ഇവിടെ വിശകലനം ചെയ്യുന്നു. കന്യാകുമാരി ജില്ലയിലെ അഗസ്തീശ്വരം, തോവാള താലൂക്കുകൾ ഉൾപ്പെട്ട പ്രദേശമാണ് സംസ്ഥാന പുനഃസംഘടനയ്ക്ക് മുൻപ് നാഞ്ചിനാട് എന്ന് വിളിക്കപ്പെട്ടിരുന്നത്. അഗസ്തീശ്വരം താലൂക്കിൽ ഇന്നത്തെ നാഗർകോവിൽ, കന്യാകുമാരി, അഞ്ചുഗ്രാമം, അഗസ്തീശ്വരം, ശുചീന്ദ്രം, രാജാക്കമംഗലം എന്നീ നഗരങ്ങളും തോവാള താലുക്കിൽ ബൂത്തപാണ്ടി, തോവാള, അഴകിയപാണ്ഡ്യപുരം, ആറൽവൈമൊഴി എന്നീ നഗരങ്ങളുമാണ് ഉൾപ്പെടുന്നത്

നാഞ്ചിനാട് എന്ന പദത്തിന്റെ അർഥം 'കലപ്പകളുടെ നാട്' (Land of the ploughs) എന്നാണ്. നാഞ്ചിനാട്ടിലെ ഒരു പ്രധാനസ്ഥലമായ കന്യാകുമാരിയെക്കുറിച്ചുള്ള പരാമർശം മഹാഭാരതത്തിലുണ്ട്. സ്കന്ദപുരാണം, സേതുപുരാണം തുടങ്ങിയ കൃതികളിലും ചിലപ്പതികാരം, മണിമേഖല തുടങ്ങിയ സംഘകാലകൃതികളിലും നാഞ്ചിനാട്ടിലെ കന്യാകുമാരി, ശുചീന്ദ്രം, കുമാരകോവിൽ തുടങ്ങിയ സ്ഥലങ്ങളെക്കുറിച്ച് വിവരിച്ചിട്ടുണ്ട്. എ.ഡി. ഒന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട 'പെരിപ്ലസ് ഓഫ് ദി എറിത്രിയൻ സീ' (Periplus of the Erithrian Sea) എന്ന കൃതിയിൽ കന്യാകുമാരിയെ പരാമർശിച്ചിട്ടുണ്ട്. ഇക്കാലത്ത് നാഞ്ചിനാട് വിദേശരാഷ്ട്രങ്ങളിൽപ്പോലും പ്രസിദ്ധമായിരുന്നുവെന്നർഥം. എ.ഡി. 140ൽ ടോളമി എന്ന ഗ്രീക്കു ഭൗമപര്യവേക്ഷകൻ നാഞ്ചിനാട്ടിനെ 'ആയ് രാജ്യം' (Aioi or Ay) എന്ന് വിളിച്ചിരുന്നു. നാഞ്ചിനാട്ടിലെ ജനങ്ങൾ തമിഴ് വംശജരായിരുന്നു. നരവംശപരമായി നാഞ്ചിനാട്ടിലെ ജനങ്ങൾക്ക് സാംസ്കാരികമായ അടുപ്പം മധുരയോടും തൃശിനാപ്പള്ളിയോടും ആയിരുന്നുവെന്ന് സർദാർ കെ.എം. പണിക്കർ കേരളചരിത്രത്തിൽ (History of Kerala) വിവരിക്കുന്നുണ്ട്.[1]

സംഘകാലത്ത് നാഞ്ചിനാട് ആയ്‌രാജ്യത്തിന്റെ ഭാഗമായിരുന്നു. അക്കാലത്ത് ഈ ഭൂപ്രദേശം നെല്ലുത്പാദനത്തിനും ഉപ്പുനിർമ്മാണത്തിനും പ്രസിദ്ധമായിത്തീർന്നു. ആയ് രാജാക്കന്മാരുടെ ശക്തിക്ഷയിച്ചിരുന്ന കാലങ്ങളിൽ പാണ്ഡ്യരാജാക്കന്മാർ നാഞ്ചിനാടിനെ പിടിച്ചടക്കി.1878ൽ പി. ശങ്കുണ്ണിമേനോൻ ഇംഗ്ലീഷിലെഴുതിയ 'ആദിമകാലം തൊട്ടേയുള്ള തിരുവിതാംകൂർ ചരിത്രം'[2], 1868ൽ പാച്ചുമൂത്തത് തയ്യാറാക്കിയ 'തിരുവിതാംകൂർ ചരിത്രം, ദിവാൻ നാണുപിള്ള ഇംഗ്ലീഷിൽ എഴുതിയ 'March of the progress in Travancore' ഇവയിലെല്ലാം നാഞ്ചിനാട്ടിലെ ജനജീവിതചിത്രങ്ങൾ ഉൾച്ചേരുന്നു.

ആധുനിക തിരുവിതാംകൂറിന്റെ സൃഷ്ടിയിൽ തമിഴരുടെ സംഭാവന ഒട്ടും ചെറുതല്ല എന്ന് ഗ്രന്ഥകർത്താവ് സമർത്ഥിക്കുന്നു. ആദ്യത്തെ ദളവായിരുന്ന അറുമുഖംപിള്ള, അറുമുഖംപിള്ളയുടെ വിശ്വസ്തനായിരുന്ന കുമാരസ്വാമിപ്പിള്ള, മാർത്താണ്ഡവർമ്മയുടെ ജീവൻ രക്ഷിച്ച സ്ഥാണുമാലയൻ ഇങ്ങനെ പോകുന്നു ആ പട്ടിക, ഇന്നും തെക്കൻ തിരുവിതാംകൂർ നാട്ടുകാർ ആദരവോടെ ഓർക്കുന്ന സി.പി. രാമസ്വാമി അയ്യർ വരെ.

ഇന്നും തിരുവിതാംകൂറിൽ നിലനിൽക്കുന്ന സമ്പദ്‌വ്യവസ്ഥയ്ക്ക് സി. പി. രാമസ്വാമി അയ്യരാണ് അടിത്തറയിട്ടത്. നാഗർകോവിൽ തിരുവനന്തപുരം നെടുമ്പാതയിൽ അദ്ദേഹം ഇട്ട സിമന്റ് പാതയാണ് ഇന്നുമുള്ളത്. പാതകൾ, ജലസേചനം, കുടിവെള്ളം എന്നിവ യിൽ ഇന്നും അയ്യരുടെ ദീർഘവീക്ഷണത്തിൽ ചെയ്ത കാര്യങ്ങളാണ് അവിടെ നിലനിൽക്കുന്നത് എന്ന് ഉറവിടങ്ങൾ വെളിപ്പെടുത്തുന്നു.

## രാമയ്യൻദളവ

മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ രണ്ട് ശക്തരായ സഹായികളിൽ പ്രമുഖനാണ് രാമയ്യൻദളവ. മാർത്താണ്ഡവർമ്മ ഭരണം ഏറ്റെടുത്ത ആദ്യനാളുകളിൽ നാഗർകോവിൽ വടിവേശ്വരൻ ക്ഷേത്രത്തിൽ വിശ്രമിച്ചുകൊണ്ടിരുന്നപ്പോൾ എണ്ണതീർന്ന് വിളക്ക് അണയുവാൻ പോകുന്നത് കണ്ട് എണ്ണയൊഴിക്കുവാൻ ഉത്തരവായി. അവിടെ ആരുമില്ലാതി രുന്നതിനാൽ മടപ്പള്ളിയിൽ നിന്ന് ഓടിയെത്തിയ ഒരു പട്ടർ പയ്യൻ എണ്ണയൊഴിക്കുവാൻ വന്നു. ഒരു കൈയിൽ ചെറുതിരിയിൽ ആദ്യം ദീപനാളം കൊളുത്തി കരുതിയതിനുശേഷം ആണ് അവൻ മറുകൈകൊണ്ട് വിളക്കിൽ എണ്ണയൊഴിച്ചത്. എണ്ണ ഒഴിക്കുമ്പോൾ വിളക്ക് കെട്ടുപോയെങ്കിലോ എന്നൊരു കരുതൽ. ആ കരുതൽ മഹാരാജാവിന് ഇഷ്ടപ്പെട്ടു. അവനെ ഭൃത്യനാക്കി. പിന്നെ അധികാരിയാക്കി. ഒടുവിൽ ദളവയാക്കി.[3]

രാമയ്യൻദളവായുടെ സഹായം ഇല്ലെങ്കിൽ മാർത്താണ്ഡവർമ്മ തിരുവിതാംകൂർ പിടിച്ചടക്കുമായിരുന്നോ എന്ന് സംശയമാണ്. ശുചീന്ദ്രത്തിലും തിരുവട്ടാറിലും പാറശാല യിലും ഒക്കെ ക്ഷേത്രങ്ങളെ സ്വന്തം അധികാരത്തിൽ വച്ചുകൊണ്ട് സ്വതന്ത്രഭരണം നടത്തിയ നമ്പൂതിരി ഊരായ്മക്കാരെ ഓടിച്ചത് രാമയ്യനാണ്. ബ്രാഹ്മണഭക്തി ഉച്ചത്തിൽ നിലനിന്നിരുന്ന ആ കാലഘട്ടത്തിൽ മറ്റൊരു ബ്രാഹ്മണൻ അല്ലാതെ അത് ചെയ്യില്ലാ യിരുന്നു. തമിഴ്നാട്ടിലെ ഏർവാടി എന്ന ഗ്രാമത്തിൽ നിന്നാണ് രാമയ്യന്റെ പൂർവികർ നാഗർകോവിൽ വടിവീശ്വരത്തിലേക്ക് വന്നത് എന്ന് കഥകളിൽ കാണുന്നുണ്ട്. മലയാളത്തി ന്റെ തായ്മണ്ണായ തമിഴിന്റെ ശക്തിയും സ്നേഹവും ആണ് രാമയ്യൻ ദളവാ എന്ന് ജയ മോഹൻ വിലയിരുത്തുന്നു. ഒരു ബന്ധവും ഇല്ലാത്ത ഈ മണ്ണിനുവേണ്ടി ജീവിതകാലം മുഴുവൻ അദ്ദേഹം പൊരുതി.

മാർത്താണ്ഡവർമ്മയ്ക്ക് മുൻപ് നാഞ്ചിനാട് എങ്ങനെയായിരുന്നു എന്നറിയണമെങ്കിൽ നാട്ടുപാട്ടുകളെ ആശ്രയിക്കണം.ഡോക്ടർ എ.കെ.പെരുമാൾ സമാഹരിച്ച് തമിഴിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വില്ലുപാട്ടുകൾ, ഗ്രാമീണ കളിപ്പാട്ടുകൾ എന്നിവയിലൂടെ തെളിയുന്ന ചിത്രം ഏറെ ഭയപ്പെടുത്തുന്നത് തന്നെ.[4] മുസ്ലിം ഭരണാധികാരികളുടെയും തെലുങ്കരായ ഹിന്ദു നായകന്മാരുടെയും നിരന്തരമായ നായാട്ടുഭൂമിയായിരുന്നു ഈ പ്രദേശം. യാതൊരു തരത്തിലുള്ള സംരക്ഷണയുമില്ലാത്ത ഒരു കലവറ. നാട്ടുപാട്ടുകളിൽ വിളവു മുഴുവൻ കൊണ്ടുപോകുന്ന തുലുക്കർക്കും വടുകർക്കും എതിരായ രോദനങ്ങൾ നിറഞ്ഞിരിക്കുന്നു. കൊയ്ത്ത് കഴിയുമ്പോൾ നെല്ലിൽ ധാരാളം വലിയ കല്ലുകൾ ചേർത്ത് മണ്ണിൽ പുതച്ചിടും. അല്ലെങ്കിൽ നെല്ല് ചെമ്മണ്ണിൽ ചേർത്ത് കുഴച്ച് ചുവർ കെട്ടിവെക്കും. വലിയ മൺകട്ടകൾ ആയി മാറ്റി കുഴിച്ചിടാറുമുണ്ട്. പടകൾ എത്തുമ്പോൾ ആണുങ്ങൾ മലമുകളിൽ കയറി

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഒളിക്കും. അവർ മറ്റൊരു വഴി കണ്ടെത്തി. സ്ത്രീകളെ പിടിച്ചു കൊണ്ടു പോയി പണയം ആക്കി വച്ചു. നെല്ലും പൊന്നും കൊടുത്ത് അവരെ മടക്കി കൊണ്ടുവരണം.

*'ഒരുകുടം നെല്ല് തരാം  പെണ്ണിനെ വിടുമോ തുലുക്കാ*
*ഒരു കുടം നെല്ല് വേണ്ട പെണ്ണിനെ വിടുല്ലെടാ തുലുക്കാ..*
*രണ്ട് കുടം നെല്ല്തരാം ..'* എന്ന് പാടിയാണ് ഇന്നും നാഞ്ചിനാട്ടിലെ കുട്ടികൾ കളിക്കുന്നത്. കളക്കാട്, പണകുടി, തെങ്കാശി ഭാഗങ്ങളിലെ വരണ്ട മണ്ണിൽ നിന്നെത്തുന്ന മറവർ കൂട്ടങ്ങളുടെ നിരന്തരമായ മോഷണവും കൊലയും. ഇന്നും നാഞ്ചിനാട്ടിലെ ഏതൊരു കുടുംബപുരാണത്തിലും ഉണ്ട് ഇത്തരം കഥകൾ എന്നാണ് ജയമോഹന്റെ ആത്മകഥ വെളിപ്പെടുത്തുന്നത്. ഒരു കുടുംബകഥ ഇങ്ങനെയാണ്: കളക്കാട്ട് നിന്ന് എത്തിയ മറവർ വീട് പൊളിച്ച് അകത്തു കടന്നു അവിടെയുണ്ടായിരുന്ന അമ്മച്ചിമാരെ പുളിമരത്തിൽ കെട്ടിത്തൂക്കി കാലിൽ ആട്ടുകല്ല് കെട്ടിയിട്ടു. അവരിൽനിന്ന് താക്കോൽ വാങ്ങി അറ കുത്തിപ്പൊട്ടിച്ചപ്പോൾ കല്ല് ചേർത്ത് നെല്ലാണ് കണ്ടത്. കൊണ്ടുപോകാൻ ആയില്ല. അവർ അമ്മച്ചിമാരെ അങ്ങനെ തന്നെ ഇട്ടേച്ച് പോയി. നട്ടെല്ല് പൊട്ടി അവർ അലറി മരിച്ചു എന്ന് ജയമോഹൻ സാക്ഷ്യപ്പെടുത്തുന്നു.

## പെൺപാപത്തിന് മീതേ ഉയർന്ന തിരുവിതാംകൂർ

നാഞ്ചിനാട്ട് മുത്താരമ്മൻ കോവിലുകളിൽ വാമൊഴിയായി പാടിവന്നിരുന്ന വില്ലുപാട്ടുകളിൽ ഒന്നാണ് എട്ടുകൂട്ടത്തമ്പുരാന്റെ കഥ. ഇത് ഇനിയും അച്ചടിക്കപ്പെട്ടിട്ടില്ല. ഇതിൽ മാർത്താണ്ഡവർമ്മ മഹാരാജാവ് എട്ടുവീട്ടിൽ പിള്ളമാരെ നശിപ്പിച്ച് അവരുടെ സ്ത്രീകളെ തുറ കടത്തിയ സംഭവത്തിന്റെ ചിത്രീകരണം ഉണ്ട്. സ്ത്രീകളെ കൊല്ലുക ധർമ്മവിരുദ്ധമാണ്. സ്ത്രീകളെ നാടുകടത്തിയാൽ അവരുടെ വയറ്റിൽ പിറന്ന കുട്ടികൾ അവകാശവാദവുമായി എത്താൻ ഇടയുണ്ട്. അതിനൊരു മറുപടിയാണ് അവരുടെ ജാതിയെ നശിപ്പിക്കുക. ഇതിന് കണ്ടുപിടിച്ച ഉപായമാണ് 'തുറകയറ്റൽ'. എട്ടുവീട്ടിൽ പിള്ളമാരുടെ കുടുംബങ്ങളിലുള്ള സ്ത്രീകളെ മുഴുവൻ തടവിലാക്കി. ചങ്ങലയിൽ കെട്ടി ആനയെക്കൊണ്ട് വലിച്ചിഴച്ച് കന്യാകുമാരി കടലിലുള്ള മുട്ടം കടപ്പുറത്ത് കൊണ്ടുപോയി മുക്കുവർക്ക് വിലപേശി വിറ്റു എന്ന് ജയമോഹന്റെ ഓർമ്മക്കുറിപ്പുകളിലുണ്ട്. സ്ത്രീകളെ പറങ്കികൾ വിലകൊടുത്ത് അടിമകളായി വാങ്ങി.' തൊറകേറ്റും കഴുകേറ്റും കൊണ്ട് ഒരു പ്രളയകാലത്തിന്റെ പ്രതീതി ജനിപ്പിച്ചതായ ആ ചരിത്രസംഭവങ്ങളുടെ രത്നച്ചുരുക്കം, സി.വി. രാമൻപിള്ള മാർത്താണ്ഡവർമ്മ നോവലിന്റെ ഒടുവിൽ ചേർത്തിട്ടുണ്ട്.' അവസാനം വിട്ടുകളഞ്ഞ ആ ചരിത്രസംഭവങ്ങൾ മുഴുവൻ ധർമ്മരാജയിലെ സൂചനകളിലൂടെ വിശദമായി വെളിവാക്കപ്പെടുന്നുമുണ്ട്. ഇവരുടെ വീടുകളും സ്ഥലങ്ങളും സർക്കാർ കണ്ടുകെട്ടി. വീടുകൾ പൊളിച്ച് ആ സ്ഥലങ്ങൾ മുഴുവൻ കണ്ടുകെട്ടി പുറംപോക്ക് സ്ഥലങ്ങളായി എടുക്കുകയും ചെയ്തു. അങ്ങനെ പല നൂറ്റാണ്ടുകളായി രാജകുടുംബത്തിനെതിരായി ഏറ്റം ഹീനമായ ക്രൂരതകൾ ചെയ്തിരുന്നവരും നിരന്തരം കലാപങ്ങൾ നടത്തിയവരുമായ ആ പ്രഭുകുടുംബങ്ങളുടെ അന്ത്യം വന്നു.

ഈ പെൺപാപ ചരിത്രം

*കച്ചമുറിയുടുത്ത പെൺടുകളേ,*
*കണ്ണാടി മുണ്ടുടുത്ത പെൺടുകളേ*
*മുക്കുവർ തന്നെ പോട്ടി പോട്ട്*
*ഏലം എടുത്താൽ നൂറ് നൂറ്*
*കൊച്ചു കൊച്ചു കുറുമാൻ കളെ*
*ഏലം എടുത്താൽ നൂറ് നൂറ്*

എന്നിങ്ങനെ പാട്ടുകളിൽ അലയടിക്കുന്നു. എ.കെ. പെരുമാളിന്റെ നിഗമനം അനുസരിച്ച് 1734ൽ ഇത് സംഭവിച്ചിരിക്കാം.

## തെക്കൻപാട്ടുകൾ

തിരുവിതാംകൂർ ചരിത്രസംബന്ധികളും അല്ലാത്തവയുമായ തെക്കൻപാട്ടുകൾ അക്കാലത്തെ ചരിത്രരചനയുടെ ഉപാദാനവസ്തുക്കൾ ആണെന്ന് മാർത്താണ്ഡവർമ്മ നോവലിന്റെ ആമുഖത്തിൽ തന്നെ കാണുന്നുമുണ്ട്.[7] മാർത്താണ്ഡവർമയിലെ സംഭവങ്ങൾ നടക്കുന്ന തെക്കൻതിരുവിതാംകൂർ പ്രദേശങ്ങളുടെ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ തെക്കൻപാട്ടുകൾ ഏറെ സഹായകരമായിരുന്നു. അനേകം തെക്കൻപാട്ടുകൾ മാർത്താണ്ഡവർമ്മ നോവൽ രചയിതാവായ സി.വി. രാമൻപിള്ള ഹൃദിസ്ഥമാക്കിയിരുന്നു എന്ന് ഉറവിടങ്ങൾ വെളിപ്പെടുത്തുന്നു.

'മാർത്താണ്ഡവർമ്മ' നോവലിലെ മാർത്താണ്ഡവർമ്മയല്ല യഥാർത്ഥ മാർത്താണ്ഡ വർമ്മ എന്ന് നാഞ്ചിനാട്ടുകാർ പറയും. നാട്ടിലെ പഴമക്കാരുടെ നാവുകളിൽ നിന്ന് നാവുകളിലേക്ക് പടർന്ന കഥകളിലൂടെ തമ്പിമാരുടെ മേന്മയും മാർത്താണ്ഡവർമ്മയുടെ ക്രൂരതയും കാലത്തിൽ പതിഞ്ഞ് നിരന്തരമായി ഒഴുകുന്നു. ചരിത്രാന്വേഷകനായ ഡോക്ടർ ത്രിവിക്രമൻ തമ്പി അച്ചടിയിൽ എത്തിച്ച വില്ലുപാട്ടാണ് 'തമ്പിമാർക്കഥൈ'. അത് പപ്പുത്തമ്പിയുടേയും രാമൻതമ്പിയുടെയും ധൈര്യവും കീർത്തിയും വർണ്ണിക്കുന്നു. താൻ വല്യമ്മയിൽ നിന്ന് കേട്ടറിഞ്ഞത് മുഴുവൻ പെൺപാപം ചെയ്ത മാർത്താണ്ഡവർമ്മയെ പറ്റിയുള്ള കഥകൾ ആണെന്ന് ജയമോഹന്റെ 'ഉറവിടങ്ങൾ' നിരീക്ഷിക്കുന്നു. ആ കഥ ഇങ്ങനെ: 'ചങ്ങലയുടെ ഭാരം കൊണ്ട് തളർന്ന് നിലത്ത് വീഴുകയാണ് സ്ത്രീകൾ കൊലവാളുധരിച്ച ശിപായിമാർ എരുമത്തോൽ ചാട്ട കൊണ്ട് അടിച്ച് എഴുന്നേൽപ്പിച്ച് വലിച്ചു കൊണ്ടുപോകുന്നു പൊടിപറ്റിയ വെളുത്ത മുഖങ്ങൾ കണ്ണുനീരും ചോരയും കൊണ്ട് നനഞ്ഞിരിക്കുന്നു. പിഞ്ഞിയ വസ്ത്രങ്ങൾ ചളിപുരണ്ട് നിലത്തിഴയുന്നു. അമ്മ ദൈവങ്ങളെയും കാരണവൻമാരെയും വിളിച്ചു കരയുകയാണ്. കരഞ്ഞു കരഞ്ഞു തൊണ്ടപൊട്ടി ശബ്ദമില്ലാതെ വെറുതെ കൈ വീശുകയാണ്. തെരുവിന്റെ രണ്ടു മുക്കിലും കൂടിയിരുന്ന് ആണും പെണ്ണും കൈവെച്ച് കണ്ണീരോടെ.........'[8] പെൺപാപത്തിന്റെ മീതേ കെട്ടിപ്പൊക്കിയതാണ് തിരുവിതാംകൂർ രാജ്യം. പെൺവഴി സ്വത്തവകാശത്തിന്റെ പേരിലാണ് മാർത്താണ്ഡവർമ്മ രാജ്യം അവകാശപ്പെട്ടതും നേടിയതും. എന്നാൽ

---

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

മാർത്താണ്ഡവർമ്മയുടെ കാലത്താണ് തിരുവിതാംകൂറിൽ സ്ത്രീകളുടെ അധികാരവും സ്ഥാനവും നഷ്ടപ്പെട്ടു തുടങ്ങിയത്. കാരണം മാർത്താണ്ഡവർമ്മ കേന്ദ്രീയ ഭരണ സംവിധാനത്തെ ശക്തിപ്പെടുത്താനായി പ്രാദേശിക ഭരണസംവിധാനങ്ങളെ നശിപ്പിച്ചു എന്ന് ജയമോഹൻ സൂചിപ്പിക്കുന്നു. പെൺവഴി അവകാശത്തോടെ നിലനിന്നിരുന്ന നാട്ടുപ്രഭുക്കൾ നശിച്ചു. ആചാരങ്ങളുടെയും കീഴ്വഴക്കങ്ങളുടേയും ശക്തി ഇല്ലാതായി. ആയുധശക്തി വേരൂന്നിപ്പടർന്നു.

## മുതലിയാർ ഓലച്ചുവടികൾ

നാഞ്ചിനാട്ട് അഴകിയ പാണ്ഡ്യപുരം ഗ്രാമത്തിൽ ഉണ്ടായിരുന്ന ശൈവവെള്ളാള കുടുംബത്തിന് ചോളഭരണകാലത്ത് തന്നെ ലഭിച്ച ഒരു സ്ഥാനപ്പേരാണ് മുതലിയാർ. നാട്ടിലെ സിവിൽഭരണം നടത്തുവാൻ ഇവർക്ക് അധികാരം ലഭിച്ചിരുന്നു. നികുതിപിരിവ്, സിവിൽവഴക്കുകൾ പറഞ്ഞുതീർക്കുക, ജലവിതരണം ഇവയൊക്കെ ഇവരുടെ ചുമതലയിലായി. പിന്നീട് വേണാട് ഭരണം വന്നപ്പോഴും ഇവർക്ക് തന്നെ നാഞ്ചിനാടിന്റെ ഉത്തരവാദിത്തം ലഭിച്ചു. പിന്നീട് സായിപ്പിന്റെ കാലം വരെ ഇത് തുടർന്നു.

അഴകിയ പാണ്ഡ്യപുരം മുതലിയാരുടെ വീട്ടിൽ ഏതാണ്ട് 400 കൊല്ലം തുടർച്ചയായി ഭരണരേഖകൾ ഓലകളിൽ എഴുതി സൂക്ഷിച്ചിരുന്നു.[9] ഈ മുതലിയാർഓലകളെ കവിയും ഗവേഷകനും ആയിരുന്ന കവി മണി ദേശികനായകം പിള്ളയാണ് പഠിച്ച് പ്രസിദ്ധീകരിച്ചത്. പിന്നീട് ധാരാളം ഓലകൾ കേരള സർക്കാരിന് കൈമാറി. ഇവ ആർക്കൈവുകളിൽ പൊടിപിടിച്ചു കിടക്കുന്നു. തമിഴിൽ മുതലിയാർഓലച്ചുവടികൾ എന്ന പേരിൽ ഒരു വലിയ കൃതിയായി ഇവ പ്രസിദ്ധീകരിച്ചു എന്ന് ഉറവിടങ്ങളിൽ കാണുന്നുണ്ട്. തിരുവിതാംകൂർ ചരിത്രത്തിൽ ആധികാരികമായി ഇടപെടാൻ സഹായിക്കുന്ന രേഖകളാണ് ഇവ.

ചുരുക്കത്തിൽ തമിഴ് മണ്ണിൽ പൊഴിഞ്ഞുവീണ കേരളമാണ് നാഞ്ചിനാട്. അതിന്റെ വ്യക്തിത്വം ഇന്നും നഷ്ടപ്പെടാതെ തുടരുകയാണ്. മലയാളസാഹിത്യത്തിലും സംസ്കാര ത്തിലും ഒപ്പം തമിഴ്സാഹിത്യത്തിലും സംസ്കാരത്തിലും ഈ ചെറിയ ഭൂപ്രദേശത്തിന് സ്ഥാനമുണ്ട്. സി. വി. രാമൻപിള്ളയുടെ നോവലുകളിലെ മിക്ക ഉഗ്രകഥാപാത്രങ്ങളും തമിഴരാണ്. തെക്കൻ തിരുവിതാംകൂർ പോയപ്പോൾ ശേഷിച്ച വടക്കൻ തിരുവിതാംകൂറിന് വ്യക്തിത്വം നഷ്ടപ്പെട്ടു എന്നും പറയപ്പെടുന്നു.

## ഉപസംഹാരം

നാഞ്ചിനാട് ചരിത്രപരമായി തമിഴ്നാടിന്റെ കന്യാകുമാരി ജില്ലയിൽ ഉൾപ്പെടുന്ന ഒരു പ്രാദേശിക മേഖലയാണ്. പണ്ട്കാലത്ത് തിരുവിതാംകൂർ രാജ്യത്തിന്റെ ഭാഗമായിരുന്ന ഈ പ്രദേശം സംസ്കൃതിയുടെ, ഭാഷയുടെ, ആചാരങ്ങളുടെ ഭേദഗതികൾ മൂലം കേരളത്തെയും തമിഴ്നാടിനെയും ബന്ധിപ്പിക്കുന്ന ഒരു കേന്ദ്രമായി നിലകൊണ്ടിരുന്നു. തൃശ്ശിവപേരൂർ, കളിയിക്കാവിള, മരുതുവാഴി, പൊന്മുടി, തക്കല, പദ്മനാഭപുരം, എന്നിവ ഉൾപ്പെടുന്ന പ്രദേശമാണ് ഇത്. കേരളത്തിന്റെ തെക്കൻ ജില്ലകളായ തിരുവനന്തപുരം,

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

കൊല്ലം എന്നിവയും തമിഴ്നാട്ടിലെ കന്യാകുമാരിയും ആണ് നാഞ്ചിനാടിന്റെ സമീപ ജില്ലകൾ. ഈ നാടിന്റെ സംസ്കാരത്തിൽ കേരളത്തിന്റെയും തമിഴ്നാട്ടിന്റെയും സ്വാധീനം പ്രകടമാണ്. മലയാളം, തമിഴ്, എന്നിവയായിരുന്നു ഈ പ്രദേശത്തെ പ്രബലഭാഷകൾ. അതുപോലെ, ഭക്ഷണരീതികളും, കലാരൂപങ്ങളും, വേഷഭൂഷാദികളും ആഘോഷങ്ങളും ഈ സംവേദനത്തിന്റെ പ്രതിഫലനങ്ങളാണ്.

പതിനെട്ടാം നൂറ്റാണ്ടിൽ മാർത്താണ്ഡവർമ്മ മഹാരാജാവ് നിർവഹിച്ച തിരുവിതാംകൂർ ഏകീകരണത്തിൽ ഉൾപ്പെട്ട പ്രധാന പ്രദേശങ്ങളിൽ നാഞ്ചിനാടും ഉൾപ്പെട്ടിരുന്നു. തിരുവിതാംകൂറിലെ ഭരണവ്യവസ്ഥയും സാമൂതിരിയും ആധിപത്യം സ്ഥാപിച്ച ഒരു പ്രധാന കേന്ദ്രമായിരുന്നു ഇത്. 1956ലെ സംസ്ഥാനപുനഃസംഘടനയ്ക്കുമുമ്പ് നാഞ്ചിനാട് തിരുവിതാംകൂറിന്റെ ഭാഗമായി. എന്നാൽ ഭാഷാപരമായ അടിസ്ഥാനത്തിൽ ഇത് തമിഴ്നാട്ടിനോടു ചേർത്തു. എന്നിരുന്നാലും, നാഞ്ചിനാടിന്റെ ജനങ്ങൾ ഇപ്പോഴും കേരളത്തിനോട് ഒരു സാംസ്കാരികബന്ധം പുലർത്തുന്നു. പാട്ടുകൾ, ഭാഷാശൈലി, ഭക്ഷണരീതി, ക്ഷേത്രങ്ങൾ എന്നിവയിലൂടെ കേരളതമിഴ് സംസ്കാരങ്ങളുടെ സമന്വയത്തെ നാഞ്ചിനാട് ഇപ്പോഴും പ്രതിനിധീകരിക്കുന്നു. ഈ ചരിത്രവസ്തുതകളുടെ വിശ്വാസ്യത അരക്കിട്ടുറപ്പിക്കുന്നതാണ് ജയമോഹന്റെ ആത്മാവിഷ്കാരകൃതിയായ 'ഉറവിടങ്ങൾ'. നാഞ്ചിനാടിന്റെ കേരളീയപശ്ചാത്തലങ്ങളെ ചരിത്രവസ്തുതകളിലൂടെ ഊന്നിപ്പറയുന്ന ഈ ആത്മാവിഷ്കാരഗ്രന്ഥം ഒരു ചരിത്രഗ്രന്ഥം തന്നെയായി മാറുന്ന കാഴ്ച ഇവിടെ കാണാം.

## കുറിപ്പുകൾ

1. *History of Kerala 1498- 1891. By Sardar K M Panikker, Annamalai University Historical Series No. 15, Annamalai University, 1960, page 242*
2. *Thiruvithamcore Charithram, Malayalam Edition by Kerala Bhasha Institute, 2017, 7th edition, Page 82*
3. *Uravidangal. Jayamohan, Mathrubhoomi publications. 2015 edition, Page 52*
4. *നാഞ്ചിൽനാടിന്റെ വില്ലുപാട്ടുകൾ, Ph D Thesis of Dr. A K Perumal from Madhura Kamaraj University, Introduction*
5. *History of Travancore by P. Sankunni menon, Trans. Dr C K Carim, Kerala Bhasha Institute, Page 72*
6. *Marthandavarma by C V Ramanpillai, അവതാരിക by Dr K Ayyappa panicker, D C Books 2002, പുറം 18*
7. *Marthandavarma by C V Ramanpillai, D C Books, 2002 edition, page 36*
8. *Uravidangal. Jayamohan, Mathrubhoomi publications, 2015 edition, Page 66*
9. *https://en. Wikipedia. org. mudaliar dtd 15.04.2024*

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

## BIBLIOGRAPHY

1. *Ramanadha Iyer A S. (1908), Travancore archeological series, Volume V Part I, II & III. Cultural Studies Department. Thiruvananthapuram*
2. *A Hitsrory of Travancore - P. Sankunni Menon,t r. Dr. C. K karim, Pub. by Kerala Bhasha Institute*
3. *Travancore Almanac & Directory 1919 Published by the Government of Travancore 1918*
4. *"A Survey of Kerala History" By A Sreedhara Menon, D C Books. 2010 edition*
5. *A History of Travancore from the Earliest Times, Volume 1 By P. Shankunny Menon, Ksinger publishing. 1878.*

## ഗ്രന്ഥസൂചി

1. *കേരളത്തിലെ സ്ഥലനാമചരിത്രങ്ങൾ എറണാകുളം ജില്ല. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി. ISBN 8176901059.*
2. *ശങ്കുണ്ണിമേനോൻ, പി (1994), തിരുവിതാംകൂർ ചരിത്രം, തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.*
3. *ശ്രീധരമേനോൻ എ., കേരളചരിത്രശില്പികൾ, നാഷണൽ ബുക്സ്റ്റാൾ കോട്ടയം, 1988*
4. *ശ്രീധരമേനോൻ എ., (1997), കേരള ചരിത്രം, ചെന്നൈ: എസ്. വിശ്വനാഥൻ പ്രിന്റേഴ്സ് ആൻഡ് പബ്ലിഷേഴ്സ്.*